ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം - 12,
തീയതി: 26/06/2019.

<u>സർക്കുലർ നം: 27</u>

25-06-2019 ന് തിരുവനന്തപുരം വനിതാജയിലിൽ നിന്നും രണ്ട് പേർ തടവ് ചാടിയതിന്റെ വെളിച്ചത്തിൽ ജയിൽ സുരക്ഷിതത്വം കർശനമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ചുറ്റമതിലിനോട് ചേർന്ന് മണൽ കൂന, കല്ല്, തടികൾ, ചപ്പുചവറുകൾ തുടങ്ങി ജയിൽ ചാടുന്നതിന് സഹായകരമാകുന്ന വസ്തുക്കൾ കൂട്ടിയിടുന്നത് ഒഴിവാക്കേണ്ടതാണ്.
2. മതിലിനോട് ചേർന്ന് വാഴ, വൃക്ഷങ്ങൾ എന്നിവയുണ്ടെങ്കിൽ അവ വെട്ടിമാറ്റുന്നതിനുള്ളനടപടികൾ സ്വീകരിക്കേണ്ടതാണ്.
3. കാർഷിക ഉപകരണങ്ങൾ, അടുക്കള ഉപകരണങ്ങൾ എന്നിവ ആവശ്യം കഴിഞ്ഞാലുടനെ പൂട്ടി വെക്കേണ്ടതാണ്.
4. മതിലിന് ഉയരം കുറവുള്ളപക്ഷം ആയത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അതിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതുമാണ്. പൊതുമരാമത്ത് വകുപ്പുമുഖേന പ്രവൃത്തികൾ ചെയ്യുവാൻ താമസം വരുന്ന പക്ഷം സിൽക്ക്, കെ.പി.എച്ച്.സി.സി., നിർമ്മിതികേന്ദ്ര തുടങ്ങിയ ഏജൻസികൾ മുഖേന പ്രവൃത്തി ചെയ്യുന്നതിനുള്ള നടപികൾ സ്വീകരിക്കേണ്ടതാണ്.
5. ജയിൽ ചാട്ടം പെട്ടെന്ന് പദ്ധതിയിട്ട് നടപ്പിലാക്കുന്ന ഒന്നല്ല. അതിനാൽ സംശയകരമായി തോന്നുന്ന തടവുകാരെ രഹസ്യമായി നിരീക്ഷിച്ച് അവരുടെ നീക്കങ്ങൾ മനസ്സിലാക്കുന്നതിന് രണ്ട് അസിഃപ്രിസൺ ഓഫീസർമാരെ മഫ്റ്റിയിൽ നിയോഗിച്ച് ഇൻറലിജൻസ് സംവിധാനം ഒരുക്കേണ്ടതാണ്.
6. ആഴ്ചയിൽ ഒരു ദിവസം സൂപ്രണ്ട് ജയിൽ കെട്ടിടവും, മതിലും, ഗേറ്റും പൂട്ടും പരിശോധിക്കേണ്ടതാണ്.
7. തടവുകാരുമായി കൂടുതൽ ചങ്ങാത്തംകൂടുന്ന ഉദ്യോഗസ്ഥരുടെ പേരുകൾ വകുപ്പ്തലവനെ അറിയിക്കേണ്ടതാണ്
8. ജയിലിലെ സുരക്ഷിതത്വമില്ലാത്തതും, ഉദ്യോഗസ്ഥരുടെ നിരീക്ഷണം എത്താത്തതുമായ സ്ഥലങ്ങളിൽ തടവുകാരെ ഒരു കാരണവശാലും ഒറ്റയ്ക്ക് അയയ്ക്കുവാൻ പാടുള്ളതല്ല.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ നടപടികൾ സ്വീകരിച്ച് ജൂലൈ 4 നകം റിപ്പോർട്ട് നൽകേണ്ടതാണ്

ഋഷിരാജ് സിംഗ് ഐ.പി.എസ്.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്.

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.

പകർപ്പ്: എല്ലാ മേഖലാ ഡി.ഐ.ജി.മാർക്കും